**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 822 — 30.10.2019-ൽ മറുപടിക്ക്

## ഭൂരഹിത ആദിവാസികൾക്ക് ഭൂമി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.സി.കെ.ശശീന്ദ്രൻ :</td><td colspan="2">എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിൽ എത്ര ഏക്കർ വനഭൂമിയാണ് വിട്ടുകിട്ടിയതെന്ന് വ്യക്തമാക്കാമോ;</td><td>എ)</td><td>ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിൽ 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയാണ് വിട്ടു കിട്ടിയത്.</td></tr>
<tr><td>ബി)</td><td>ഇത്തരത്തിൽ വിട്ടുകിട്ടിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;</td><td>ബി)</td><td><table>
<tr><th>ജില്ല</th><th>കേന്ദ്ര സർക്കാർ വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയുടെ അളവ് (ഏക്കറിൽ)</th></tr>
<tr><td>കാസർഗോഡ്</td><td>91.89</td></tr>
<tr><td>കണ്ണൂർ</td><td>205.01</td></tr>
<tr><td>വയനാട്</td><td>7429.95</td></tr>
<tr><td>മലപ്പുറം</td><td>502.95</td></tr>
<tr><td>പാലക്കാട്</td><td>10772.42</td></tr>
<tr><td>ആകെ</td><td>19002.22</td></tr>
</table></td></tr>
<tr><td>സി)</td><td>ഇനി എത്ര വനഭൂമിയാണ് ജില്ലാടിസ്ഥാനത്തിൽ വിട്ടു കിട്ടാനുള്ളതെന്ന് വിശദമാക്കാമോ?</td><td>സി)</td><td>കാസർഗോഡ് ജില്ലയിൽ 75 ഏക്കർ വാസയോഗ്യമായ ഭൂമി വിതരണം ചെയ്തു. 16.89 ഏക്കർ വിതരണ യോഗ്യമല്ല. കണ്ണൂർ ജില്ലയിൽ 205.01 ഏക്കർ വാസയോഗ്യമല്ലാത്തതിനാൽ വിതരണം ചെയ്തിട്ടില്ല. മലപ്പുറം ജില്ലയിൽ 341.6 ഏക്കർ വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നു. ടി ഭൂമി ഉടൻ വിട്ടു നൽകാമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലെ വാസയോഗ്യമായ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഭൂമി കണ്ടെത്തുന്നതിനുള്ള സംയുക്ത പരിശോധനയും സർവ്വേ നടപടിയും നടന്നു വരികയാണ്. വയനാട് ജില്ലയിൽ 5760.38 ഏക്കർ ഭൂമി വിതരണം ചെയ്യുകയും, 1669.57 ഏക്കർ ഭൂമി വിതരണത്തിനായി അവശേഷിക്കുന്നുമുണ്ട്. ടി ഭൂമിയിൽ കയ്യേറ്റം, സർവ്വേയിലുള്ള വ്യത്യാസം എന്നിവ കഴിഞ്ഞ് 1055.96 ഏക്കർ ഭൂമി അവശേഷിക്കുന്നതിൽ 118.56 ഏക്കർ ഭൂമിയാണ് അനുയോജ്യമെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 7368.77ഏക്കർ ഭൂമി അവശേഷിക്കുന്നതിൽ 3892 ഏക്കർ വാസയോഗ്യമല്ല. അവശേഷിക്കുന്ന ഭൂമിയിൽ സംയുക്ത പരിശോധന നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**